"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - ശ്രീ. ബിനുമോൻ ഡി.എ. സമർപ്പിച്ച ഹർജി - 20.12.2004 മുതൽ 03.06.2007 വരെയുള്ള കാലഘട്ടത്തിലെ അരിവാരിക്കുഴി എൽ.എം.എൽ.പി.എസ്.-ലെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.4512/2026/GEDN തീയതി,തിരുവനന്തപുരം, 06-07-2026

---

പരാമർശം:-

1. ശ്രീ. ബിനു മോൻ ഡി.എ. സമർപ്പിച്ച റിവിഷൻ ഹർജി.
2. നെടുമങ്ങാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 11.02.2026 ലെ സി/967/2024/എഇഒ നമ്പർ കത്ത്.
3. കിളിമാനൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 19.02.2026 ലെ AEOKMR/569/2023-D നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 10.04.2026 ലെ F1/1253/2026/DGE നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

അരിവാരിക്കുഴി എൽ.എം.എൽ.പി.എസ്. ലെ ശ്രീ.ബിനുമോൻ ഡി.എ. തന്റെ 20/12/2004 മുതൽ 03/06/2007 വരെയുള്ള കാലഘട്ടത്തിലെ നിയമന അംഗീകാരം സംബന്ധിച്ച് സമർപ്പിച്ച ഹർജിയിൽ 23/02/2026 തീയതിയിൽ ബന്ധപ്പെട്ടവരുടെ വാദം കേട്ടിരുന്നു.

<u>2. ഹർജിക്കാരനായ ശ്രീ.ബിനുമോൻ ഡി.എ.യുടെ വാദം:</u>

ശ്രീ.ബിനുമോൻ ഡി.എ. യെ 20/12/2004 മുതൽ അരിവാരിക്കുഴി എൽ.എം. എൽ.പി.എസ്. ൽ ശ്രീമതി സുജ സർക്കാർ സർവ്വീസിൽ പോയ ഒഴിവിൽ എൽ.പി.എസ്.റ്റി. ആയി നിയമിച്ചിരുന്നു. നിയമനാംഗീകാരത്തിനു സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് ചുവടെ ചേർക്കുന്ന കാരണങ്ങളാൽ നിയമനാംഗീകാരം നിരസിക്കുകയുണ്ടായി.

1. The Manager who made the appointment has no approval.
2. The manager did not appoint Smt.D.S.Shaila as directed by the Hon'ble High Court of Kerala.
3. Better claim of the appointee is not proved.

ശ്രീ.ബിനുമോൻ നിയമനം ലഭിച്ച തീയതിയായ 20/12/2004 മുതൽ 04/03/2005 വരെ എല്ലാം അദ്ധ്യാപകരും ഹാജർ മാർക്ക് ചെയ്യുന്ന പൊതു ഹാജർപുസ്തകത്തിൽ ഒപ്പ് രേഖപ്പെടുത്തിരുന്നു. 20/12/2004 ൽ റവ.വിജയകുമാറായിരുന്നു ശ്രീ.ബിനുമോൻ ഡി.എ.-യെ എൽ.പി.എസ്.റ്റി. ആയി നിയമനം നടത്തിയത്. പിന്നീട് ബഹു.കോടതി വിധി പ്രാകാരം

ശ്രീ.സി.എച്ച്.ആൽഫ്രഡ് കോർപ്പറേറ്റ് മാനേജരായി. ശ്രീ. സി.എച്ച്. ആൽഫ്രഡ് കോർപ്പറേറ്റ് മാനേജരായതിനെ തുടർന്ന് ശ്രീ.ബിനുമോൻ ഡി.എ. തുടർന്നിരുന്ന ഒഴിവിൽ ശ്രീമതി.ജയശ്രീയെ 05/06/2005 മുതൽ നിയമിച്ചു. അതിനാൽ ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ നിർദ്ദേശ പ്രകാരം ശ്രീ.ബിനു മോൻ ഡി.എ. മറ്റൊരു ഹാജർ ബുക്കിൽ ഒപ്പ് രേഖപ്പെടുത്തി. 08/06/2005 മുതൽ ശ്രീമതി.ജയശ്രീയെ എൽ.പി.എസ്.റ്റി. ആയി അംഗീകരിച്ചു. തുടർന്ന് ശ്രീ.ബിനു മോൻ ഡി.എ. യെ 04/06/2007 മുതൽ നിലമേൽ എൽ.എം.യു.പി.എസ്. ൽ എൽ.പി.എസ്.റ്റി. ആയി നിയമിച്ച് നിയമനം റഗുലറായി അംഗീകരിച്ച് സർവ്വീസിൽ തുടർന്നു വരുന്നു. നിലവിൽ കൺകോർഡിയ യു.പി.എസ്. ലെ പ്രഥമാദ്ധ്യാപകനാണ്. 20/12/2004 മുതൽ 03/06/2007 വരെ വാലിഡ് നിയമന ഉത്തരവോടെ എൽ.പി.എസ്.റ്റി. ആയി സേവനം അനുഷ്ഠിച്ച കാലഘട്ടത്തിന്റെ നിയമനാംഗീകാരം ലഭിക്കേണ്ടതുണ്ട്.

ശ്രീ.ബിനു മോൻ ഡി.എ.യെ എൽ.പി.എസ്.റ്റി. ആയി നിയമിച്ചത് അരിവാരിക്കുഴി എൽ.എം.എൽ.പി.എസ്. ലെ ശ്രീമതി സുജ എസ്.എൽ. സർക്കാർ സർവ്വീസിലേക്ക് പോയ വേക്കൻസിയിലായിരുന്നു. ടി വേക്കൻസിയിൽ തുടർന്നു വരവെ ശ്രീ.ബിനുമോൻ ഡി.എ. യെ അനധികൃതമായി മാറ്റിയിട്ടാണ് ശ്രീമതി ജയശ്രീയെ 05/06/2005 മുതൽ ഇതേ വേക്കൻസിയിൽ നിയമനം നടത്തി 08/06/2005 മുതൽ അംഗീകരിച്ചത്. ശ്രീ.ബിനുമോൻ ഡി.എ. ക്ക് 20/12/2004 മുതൽ 04/03/2005 വരെ ദിവസവേതനത്തിൽ നിയമനം അംഗീകരിച്ച് ദിവസവേതന സാലറി ലഭിച്ചിട്ടുണ്ട്. Sneha Cheriyan v/s The State of Kerala കേസിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച 14/10/2015-ലെ 44777/ജെ2/2013/പൊവിവ നമ്പർ കത്ത് പ്രകാരം ഒരു അധ്യയന വർഷത്തിന്റെ ഏതു കാലഘട്ടത്തിൽ റഗുലർ വേക്കൻസിയിൽ നിയമനം നടത്തിയാലും പ്രസ്തുത നിയമനം റഗുലർ ശമ്പള സ്കെയിലിൽ അംഗീകരിക്കണം എന്നാണ്. ഇതിന് ഉദാഹരമാണ് 16/08/2016-ലെ ജി.ഒ.(ആർ.റ്റി) നം.2653/2016/പൊവിവ നമ്പർ സർക്കാർ ഉത്തരവിൽ മൈലാപ്പൂർ എ.കെ.എം. ഹയർ സെക്കണ്ടറി സ്കൂളിലെ ശ്രീമതി ബബിത എ. വഹാബിന്റെ 05/10/2020 മുതൽ 31/03/2010 വരെയുള്ള നിയമനം റഗുലർ ശമ്പള സ്കെയിലിൽ അംഗീകരിക്കുവാൻ ഉത്തരവായത്. 20/12/2004 മുതൽ 07/06/2005 വരെ ആരുടെയും നിയമനം എൽ.പി.എസ്.റ്റി. ആയി അരിവാരിക്കുഴി എൽ.എം.എൽ.പി.എസ്.ൽ അംഗീകരിച്ചിട്ടുമില്ല. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 17/06/2024-ലെ എഫ്/8787/2023/ഡിജിഇ ഉത്തരവിൽ പരാമർശിക്കുന്നത് ശ്രീമതി ഷൈല ഡി.എസ്. അവകാശിയാണെങ്കിൽ ശ്രീ.ബിനുമോൻ ഡി.എ. യെയുടെ നിയമനം 20/12/2004 മുതൽ അംഗീകരിക്കുവാൻ കഴിയുക ഇല്ല എന്നാണ്. സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ശ്രീമതി ഷൈല ഡി.എസ്. 05/06/2002 മുതൽ റഗുലറായി നിയമനാംഗീകാരം ലഭിച്ചു തുടർന്നു വരുന്നു. ഇപ്രകാരം 20/12/2004 മുതൽ മറ്റ് സീനിയർ അവകാശികളോ, സീനിയർ അപ്പോയിന്റീയോ ഇല്ല എന്ന് ഉറപ്പു വരുത്തിയശേഷമാണ് ശ്രീ.ബിനുമോൻ ഡി.എ. യെ 20/12/2004 മുതൽ 04/03/2005 വരെ ദിവസവേതനത്തിൽ എൽ.പി.എസ്.റ്റി. ആയി നിയമനം അംഗീകരിച്ചത്. ഈ നിയമനം 14/10/2015-ലെ 44777/ജെ2/2013/പൊവിവ, 16/08/2016-ലെ ജി.ഒ.(ആർ.റ്റി) നം.2653/2016/പൊവിവ നമ്പർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ റഗുലർ ശമ്പള സ്കെയിലിൽ മാറ്റി അംഗീകരിക്കാവുന്നതാണ്.

ലൂഥറൻ കോർപ്പറേറ്റ് മാനേജരുടെ 30/11/2022-ലെ 196/2022 ലാവണ ക്രമീകരണ ഉത്തരവിൽ സീനിയറായി നിയമിക്കപ്പെട്ട ശ്രീ.ബിനുമോൻ ഡി.എ. യുടെ സീനിയോറിറ്റിയും

സർവ്വീസും നഷ്ടപ്പെടാതിരിക്കുവാൻ ശ്രീ.ബിനുമോൻ ഡി.എ. യെ 20/12/2004 മുതൽ 07/06/2005 വരെ അരിവാരിക്കുഴി എൽ.എം.എൽ.പി.എസ്. ലും 08/06/2005 മുതൽ 04/06/2006 വരെ ആലപ്പുഴ ലൂഥറൻ ഹയർ സെക്കണ്ടറി സ്കൂളിൽ ശ്രീമതി ചന്ദ്രിക എൽ.പി.എസ്.റ്റി. വിരമിച്ച ഒഴിവിലും, 05/06/2006 മുതൽ 03/06/2007 വരെ ശ്രീ.പ്രമാദ് W.P. ക്ക് നിയമനാംഗീകാരം ലഭിക്കാത്ത ചുള്ളിമാനൂർ എൽ.എം.എൽ.പി.എസ്. ലെ ഒഴിവിലും ലാവണം ക്രമീകരിച്ചത് അംഗീകരിക്കാവുന്നതാണ്.

20/12/2004 മുതൽ 07/06/2005 വരെയുള്ള നിയമനം റഗുലർ സ്കെയിലിൽ അംഗീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ചൂണ്ടിക്കാണിച്ച തടസവാദം നിലവിൽ ഇല്ല. അതിനാൽ 20/12/2004 മുതൽ ശ്രീ.ബിനുമോൻ ഡി.എ. നിയമിക്കപ്പെട്ട് സർവ്വീസിൽ തുടർന്നു വന്ന റഗുലർ വേക്കൻസിയിൽ അതായത് എൽ.എം.എൽ.പി.എസ്. അരിവാരിക്കുഴിയിൽ ദിവസ വേതനത്തിൽ അംഗീകരിച്ച നിയമനം റിവൈസ് ചെയ്ത് ശമ്പള സ്കെയിലിൽ അംഗീകരിക്കുന്നതോടെ 08/06/2005 മുതൽ 04/06/2006 വരെയുള്ള നിയമനത്തിന്റെ ലാവണം ക്രമീകരിക്കുന്നതിന് ഉന്നയിച്ച തടസം അതായത് മുൻ നിയമനം അംഗീകരിച്ചിട്ടില്ല എന്ന തടസവാദം നിലനില്ക്കുകയില്ല. കൂടാതെ ആലപ്പുഴ ജില്ല വിദ്യാഭ്യാസ ആഫീസറുടെ 29/09/2023 ലെ കത്തിൽ ലൂഥറൻ സൗത്താര്യാട് സ്കൂളിൽ 05/06/2005 മുതൽ 04/06/2006 വരെ എൽ.പി.എസ്.റ്റി. യുടെ ഒഴിവ് സ്ഥിരീകരിച്ചിട്ടുണ്ട്. അതിനാൽ ശ്രീ.ബിനുമോൻ ഡി.എ. യുടെ 05/06/2005 മുതൽ 04/06/2006 വരെ ലാവണം ലൂഥറൻ സൗത്താര്യാട് സ്കൂളിൽ ക്രമീകരിക്കാവുന്നതാണ്. നെടുമങ്ങാട് ഉപജില്ല വിദ്യാഭ്യാസ ആഫീസറുടെ കത്തിൽ 05/06/2006 മുതൽ 03/06/2007 വരെ ശ്രീ.പ്രമോദ് W.P. ക്ക് ചുള്ളിമാനൂർ എൽ.എം. എൽ.പി.എസ്. ൽ നിയമനാംഗീകാരം ലഭിച്ചിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 04/06/2007-ലെ 38/07(14) നമ്പർ ഉത്തരവ് പ്രകാരം ശ്രീ.ബിനുമോൻ ഡി.എ. യുടെ 04/06/2007 മുതൽ റഗുലറായി അംഗീകരിച്ചിട്ടുണ്ട്.

മുകളിൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ശ്രീ.ബിനുമോൻ ഡി.എ. യെ 20/12/2004 മുതൽ 04/03/2005 വരെ ദിവസവേതനത്തിൽ അംഗീകരിച്ചിരുന്ന റഗുലർ വേക്കൻസിയിലെ നിയമനം റിവൈസ് ചെയ്ത് ശമ്പള സ്കെയിലിൽ 20/12/2004 മുതൽ 07/06/2005 അംഗീകരിക്കാവുന്നതും ഇപ്രകാരം നിയമനം റഗുലർ ശമ്പള സ്കെയിലിൽ അംഗീകരിക്കുന്നതോടെ 08/06/2005 മുതൽ 04/06/2006 വരെ ആലപ്പുഴ സൗത്താര്യാട് ലൂഥറൻ ഹൈസ്കൂളിൽ ശ്രീമതി ചന്ദ്രിക എൽ.പി.എസ്.റ്റി. യുടെ വിരമിക്കൽ ഒഴിവിലും 05/06/2007 മുതൽ 03/06/2007 വരെ ചുള്ളിമാനൂർ എൽ.എം.എൽ.പി.എസ്. ൽ ശ്രീ.പ്രമോദ് W.P. നിയമനാംഗീകാരം ലഭിക്കാത്ത കാലയളവിലും ക്രമീകരിച്ച് ഉത്തരവാകണമെന്നും അപേക്ഷിച്ചിരിക്കുന്നു.

3. വിദ്യാഭ്യാസ ഓഫീസർമാരുടെ വാദം:

കിളിമാനൂർ ഉപജില്ലയുടെ പരിധിയിലെ അരിവാരിക്കുഴി എൽ.എം.എൽ.പി. സ്കൂളിലെ മാനേജർ ശ്രീ.ആർ.വിജയകുമാർ, ടി സ്കൂളിലെ എൽ.പി.എസ്.റ്റി. ആയ ശ്രീമതി സുജ എസ്.എൻ. സർക്കാർ സർവീസിൽ സേവനത്തിൽ പ്രവേശിച്ച ഒഴിവിൽ ശ്രീ.ബിനുമോൻ ഡി.എ. യെ എൽ.പി.എസ്.റ്റി. ആയി നിയമിക്കുകയും ടിയാൻ 20.12.2004 മുതൽ ജോലിയിൽ

പ്രവേശിക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ കാലയളവിലെ നിയമനം ചുവടെ പറയുന്ന കാരണങ്ങളാൽ എ.ഇ.ഒ. യിൽ നിന്നും നിരസിച്ച് നൽകുകയുണ്ടായി.

1. നിയമന ഉത്തരവ് നൽകിയ മാനേജർക്ക് അംഗീകാരമില്ല.
2. ഹൈക്കോടതി നിർദ്ദേശപ്രകാരം ശ്രീമതി ഷൈല ഡി.എസ്. നെ മാനേജർ നിയമിച്ചിട്ടില്ല.
3. നിയമിതന്റെ മെച്ചപ്പെട്ട അവകാശവാദം തെളിയിച്ചിട്ടില്ല.

എന്നാൽ ലൂഥറൻ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ മാനേജർ നിയമനം 19.11.2007 തീയതിക്ക് മുൻപ് വരെ സി.എച്ച്. ആൽഫ്രഡും 19.11.2007 തീയതിക്ക് ശേഷം ശ്രീ.ആർ.വിജയകുമാർ എന്നും ബഹുമാനപ്പെട്ട കോടതി തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ ശ്രീമതി ഷൈല ഡി.എസ്. ന് 05.06.2002 മുതൽ നിയമനാംഗീകാരം ലഭിച്ചിട്ടുണ്ട്.

ശ്രീ.ബിനുമോൻ ഡി.എ. ടി സ്കൂളിൽ 20.12.2004 മുതൽ 04.03.2005 വരെ പ്രധാന ഹാജർ പുസ്തകത്തിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട് എന്നും എന്നാൽ 01.06.2005 മുതൽ 30.06.2006 വരെ പ്രത്യേകം ഒരു ഹാജർ പുസ്തകത്തിൽ ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നു എന്നും തസ്തിക നിർണയ ഉത്തരവ് പ്രകാരം ടി സ്കൂളിൽ 2004-2005 വർഷം എൽ.പി.എസ്.റ്റി. യുടെ 6 തസ്തികകൾ അനുവദിച്ചിട്ടുണ്ട് എന്നും 20/12/2004 തീയതിയിൽ ശ്രീ. ബിനുമോൻ ഡി.എ. ഉൾപ്പെടെ 6 എൽ.പി.എസ്.റ്റി. അധ്യാപകർ നിലനിൽക്കുന്നു എന്നും 30/03/2026-ലെ ഡി/569/2023 നമ്പർ കത്ത് പ്രകാരം കിളിമാനൂർ എ.ഇ.ഒ. റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആയതിനാൽ ശ്രീ. ബിനുമോൻ ഡി.എ. ക്ക് നിലനിൽക്കുവാൻ ഉള്ള തസ്തിക ലഭ്യമാണ്.

20/12/2004 മുതൽ 07/06/2005 വരെയുള്ള കാലയളവിൽ ശ്രീ. ബിനുമോൻ ഡി.എ. യുടെ നിയമനം L.M.S.L.P.S. ൽ ശമ്പള സ്കെയിലിൽ അംഗീകരിക്കുന്നതിന് ടിയാൻ ആ കാലയളവിൽ സേവനത്തിൽ ഉണ്ടായിരുന്നോ എന്നും തസ്തിക ലഭ്യമായിരുന്നോ എന്നും 04/05/2012 13402/2012/ജെ/പൊവിവ സർക്കുലറിന്റെ അടിസ്ഥാനത്തിൽ കൂടി പരിശോധിക്കുവാനും ആവശ്യപ്പെട്ടിരുന്നു. എന്നാൽ എ.ഇ.ഒ. യുടെ റിപ്പോർട്ട് പ്രകാരം ശ്രീ. ബിനുമോൻ ഡി.എ. ടി സ്കൂളിൽ 20.12.2004 മുതൽ 04.03.2005 വരെ പ്രധാന ഹാജർ പുസ്തകത്തിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 01.06.2005 മുതൽ 30.06.2006 വരെ പ്രത്യേകം ഒരു ഹാജർ പുസ്തകത്തിൽ ആണ് ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആലപ്പുഴ ആര്യാട് ലൂഥറൻ എച്ച്.എസ്. ലെ പ്രഥമാധ്യാപികയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും ടി സ്കൂളിൽ 08/06/2005 മുതൽ 04/06/2006 വരെയുള്ള കാലയളവിൽ, ശ്രീ. ബിനുമോൻ ഡി.എ. യുടെ എൽ.പി.എസ്.ടി. തസ്തികയിലുള്ള ലാവണം ക്രമീകരിക്കുന്നതിന് ഒഴിവ് ഉണ്ടെന്നു ആലപ്പുഴ ഡി.ഇ.ഒ. അറിയിച്ചിട്ടുണ്ട്. ആയതിനാൽ 20/12/2004 മുതൽ 07/06/2005 വരെയുള്ള കാലയളവിൽ ശ്രീ. ബിനുമോൻ ഡി.എ. യുടെ നിയമനം L.M.S. L.P.S. അരുവാരിക്കുഴിയിൽ ശമ്പള സ്കെയിലിൽ അംഗീകരിക്കുന്ന പക്ഷം 08/06/2005 മുതൽ 04/06/2006 വരെയുള്ള കാലയളവിൽ, ശ്രീ. ബിനുമോൻ ഡി.എ. യുടെ എൽ.പി.എസ്.ടി. തസ്തികയിലുള്ള ലാവണം ആലപ്പുഴ ആര്യാട് ലൂഥറൻ എച്ച്. എസ്. ൽ ക്രമീകരിക്കാവുന്നതാണ് എന്ന് കാണുന്നു.

ലൂഥറൻ മാനേജരുടെ ഉത്തരവ് പ്രകാരം ശ്രീ. ബിനുമോൻ ഡി.എ. എൽ.പി.എസ്.റ്റി. 05.06.2006 മുതൽ 03.06.2007 വരെയുള്ള നിയമനം എൽ.എം.എൽ.പി.എസ്. ചുള്ളിമാനൂരിൽ

ലാവണം ക്രമീകരിച്ച് ഉത്തരവായിരുന്നു. 05.06.2006 മുതൽ 03.06.2007 വരെ എൽ.എം.എൽ.പി.എസ്. ചുള്ളിമാനൂരിൽ നിയമിച്ചിരുന്ന പ്രമോദ് W.P. യുടെ നിയമനാംഗീകാരം ലഭിക്കാത്ത ഒഴിവിലേക്കാണ് ശ്രീ. ബിനുമോന്റെ ലാവണം ക്രമീകരിച്ചിട്ടുള്ളത്. കൂടാതെ ടിയാളുടെ 05/06/2006 മുതൽ 03/06/2007 വരെ ലാവണം ക്രമീകരിച്ചിട്ടുള്ള ചുള്ളിമാനൂർ എൽ.എം.എൽ.പി.എസ്. ൽ ടി കാലയളവിൽ ജോലി ചെയ്തിരുന്ന 51B അവകാശിയായിട്ടുള്ള ശ്രീ. പ്രമോദ് W.P. യ്ക്ക് പ്രസ്തുത കാലയളവിൽ നിയമനാംഗീകാരം ലഭിച്ചിട്ടില്ല. കൂടാതെ പ്രമോദിന്റെ നിയമനം മാനേജർ പിൻവലിച്ചിട്ടുമില്ല എന്ന് നെടുമങ്ങാട് എ.ഇ.ഒ. റിപ്പോർട്ട് ചെയ്തിരിക്കുന്നു. മേൽ സാഹചര്യത്തിൽ ശ്രീ. ബിനുമോൻ ഡി.എ. എൽ.പി.എസ്.ടി യുടെ 05.06.2006 മുതൽ 03.06.2007 വരെ എൽ.എം.എൽ.പി.എസ്. ചുള്ളിമാനൂരിലെ ലാവണ ക്രമീകരണം അംഗീകരിക്കാൻ സാധിക്കുന്നതല്ല എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

4. സർക്കാർ ഈ വിഷയം ലഭ്യമായ റിപ്പോർട്ടുകളുടെയും നിലവിലെ ചട്ടങ്ങളുടെയും ഹിയറിംഗിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. അരിവാരിക്കുഴി എൽ.എം.എൽ.പി. സ്കൂളിലെ ശ്രീമതി സുജ എസ്.എൻ. സർക്കാർ സർവീസിൽ പോയ ഒഴിവിൽ എൽ.പി.എസ്.ടി ആയി ശ്രീ. ബിനു മോൻ ഡി.എ. യെ 20/12/2004 മുതൽ നിയമിച്ചു. നിയമന പ്രൊപ്പോസൽ, നിയമന ഉത്തരവ് നൽകിയ മാനേജർക്ക് അംഗീകാരമില്ല, ഹൈക്കോടതി നിർദ്ദേശപ്രകാരം ശ്രീമതി ഷൈല ഡി.എസ്.നെ മാനേജർ നിയമിച്ചിട്ടില്ല തുടങ്ങിയ കാരണങ്ങളാൽ നിരസിക്കപ്പെട്ടു. 20/12/2004 മുതൽ 04/03/2005 വരെ ദിവസവേതനത്തിൽ നിയമനം അംഗീകരിച്ചു വേതനം ലഭിച്ചിട്ടുണ്ട്. നിലവിൽ ശ്രീ. ബിനുമോൻ ഡി.എ. 04/06/2007 മുതൽ നിലമേൽ എൽ.എം.യു.പി.എസ്.ൽ എൽ.പി.എസ്.ടി ആയി നിയമനം ലഭിച്ച് റെഗുലറായി അംഗീകരിച്ച് സർവീസിൽ തുടർന്ന് വരികയാണ്.

5. ശ്രീ. ബിനുമോൻ ഡി.എ. 20/12/2004 മുതൽ 04/03/2005 വരെ ദിവസവേതനത്തിൽ അംഗീകരിച്ചിരുന്ന നിയമനം 07/06/2005 വരെ അംഗീകരിക്കുന്നതിനും ഇപ്രകാരം നിയമനം അംഗീകരിക്കുന്നതോടെ 08/06/2005 മുതൽ 04/06/2006 വരെ ആലപ്പുഴ ഹൈസ്കൂളിൽ ശ്രീമതി ചന്ദ്രിക എൽ.പി.എസ്.ടി. യുടെ വിരമിക്കൽ ഒഴിവിലും 05/06/2006 മുതൽ 03/06/2007 വരെയുള്ള ചുള്ളിമാനൂർ എൽ.എം.എൽ.പി.എസ്.ൽ ശ്രീ.പ്രമോദ് W.P. നിയമന അംഗീകാരം ലഭിക്കാത്ത കാലയളവിലും ക്രമീകരിച്ചു കിട്ടണം എന്നുള്ളതാണ് ഹർജിക്കാരന്റെ ആവശ്യം.

6. 20/12/2004 മുതൽ 07/06/2005 വരെയുള്ള കാലയളവിൽ ശ്രീ.ബിനുമോന്റെ നിയമനം എൽ.എം.എസ്.എൽ.പി.എസ്. അരിവാരിക്കുഴിയിൽ ശമ്പള സ്കെയിലിൽ അംഗീകരിക്കുന്നതിന് മുമ്പ് ഉണ്ടായിരുന്ന തടസ്സങ്ങൾ ഇപ്പോൾ നിലവിലുള്ളതായി കാണുന്നില്ല. ശ്രീ. ബിനുമോൻ ഡി.എ. ക്ക് നിലനിൽക്കാൻ ഈ കാലയളവിൽ തസ്തിക ലഭ്യമാണ് എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആലപ്പുഴ ആര്യാട് ലൂഥറൻ എച്ച്.എസ്.എസ്.ൽ 08/06/2005 മുതൽ 04/06/2006 വരെയുള്ള കാലയളവിൽ ശ്രീ. ബിനുമോൻ ഡി.എ. യുടെ എൽ.പി.എസ്.ടി തസ്തികയിലുള്ള ലാവണം ക്രമീകരിക്കുന്നതിനുള്ള ഒഴിവ് ലഭ്യമാണ് എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ശ്രീ.ബിനുമോൻ ഡി.എ. യുടെ 05/06/2006 മുതൽ 03/06/2007 വരെയുള്ള ചുള്ളിമാനൂർ എൽ.എം.എൽ.പി.എസ്. ലെ ലാവണ ക്രമീകരണം പരിഗണനാർഹമല്ലെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

7. മേൽ സാഹചര്യത്തിൽ ശ്രീ.ബിനുമോൻ ഡി.എ.യുടെ ലാവണം, 20/12/2004 മുതൽ

07/06/2005 വരെ അരിവാരിക്കുഴി എൽ.എം.എസ്. എൽ.പി.എസ്. ലും, 08/06/2005 മുതൽ 04/06/2006 വരെ ആലപ്പുഴ ആര്യാട് ലൂഥറൻ ഹയർ സെക്കന്ററി സ്കൂളിൽ ശ്രീമതി ചന്ദ്രിക എൽ.പി.എസ്.റ്റി. വിരമിച്ച ഒഴിവിലും മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിലും, നിലനിൽക്കാൻ വ്യവസ്ഥാപിത തസ്തിക ലഭ്യമാണെങ്കിലും, ടി കാലയളവിൽ ശ്രീ. ബിനുമോൻ ഡി. എ. എൽ.പിഎസ്.റ്റി. തസ്തികയിൽ യഥാർത്ഥത്തിൽ ജോലി ചെയ്തിട്ടുണ്ട് എന്ന് ഉറപ്പ വരുത്തിയും, നിയമനം അംഗീകരിക്കുവാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസമാർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

8. മേൽ പ്രകാരം പേരൂർക്കട കൺകോഡിയ യു.പി.എസ്.-ലെ പ്രഥമാധ്യാപകനായ ശ്രീ. ബിനുമോൻ ഡി.എ. പരാമർശം (1) പ്രകാരം സമർപ്പിച്ച ഹർജി തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

കോർപ്പറേറ്റ് മാനേജർ, ലൂഥറൻ സ്കൂൾ, തിരുവനന്തപുരം
ശ്രീ. ബിനുമോൻ ഡി.എ. ഹെഡ്മാസ്റ്റർ,
കൺകോർഡിയ യു.പി.എസ്. പേരൂർക്കട, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം-695 036.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കിളിമാനൂർ
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, നെടുമങ്ങാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ (എ1/240/2025/പൊ.വി.വ.).

ഉത്തരവിൻ പ്രകാരം
Signed by
Aji Kumar R
Date: 07-07-2026 10:44:16
സെക്ഷൻ ഓഫീസർ